**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2191** **20-01-2021 - ൽ മറുപടിയ്ക്ക്**

**പ്രൊഫഷണൽ കോഴ്സുകൾക്ക് ബി.പി.എൽ. സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എം . വിൻസെൻറ് | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | കൃത്യമായ നിയമം ഇല്ല എന്ന കാരണത്താൽ, പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ നൽകി വരുന്ന ബി.പി.എൽ. സ്കോളർഷിപ്പ് 23.07.2020 ലെ ബഹു. ഹൈക്കോടതി വിധിയിലൂടെ സ്റ്റേ ചെയ്തതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | (എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ബി.പി.എൽ. സ്കോളർഷിപ്പ് പദ്ധതി സ്റ്റേ ചെയ്ത 23.07.2020-ലെ ബഹു.ഹൈക്കോടതി വിധിക്കെതിരെ സർക്കാർ ബഹു.സുപ്രീം കോടതി മുൻപാകെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട് . |
| (ബി) | എം.ബി.ബി.എസ്. രണ്ടാം വർഷ പരീക്ഷ 2021 ഏപ്രിൽ മാസം നടത്താൻ പോകുന്ന സാഹചര്യത്തിൽ ബി.പി.എൽ. സ്കോളർഷിപ്പ് ലഭിയ്ക്കേണ്ട കുട്ടികളെ ഫീസ് നൽകാതെ പരീക്ഷ എഴുതാൻ അനുവദിയ്ക്കില്ല എന്ന കോളേജ് മാനേജ്മെന്റുകളുടെ നിലപാട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | (ബി) & (സി) ബി.പി.എൽ. സ്കോളർഷിപ്പ് അനുവദിക്കുന്നതുവരെ ഫീസ് അടയ്ക്കുന്നതിൽ നിന്നും ഇളവ് അനുവദിക്കണമെന്ന വിദ്യാർത്ഥികളുടെ ആവശ്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത വിഷയത്തിന്മേൽ വ്യക്തമായ ഒരു തീരുമാനം ഉണ്ടാകുന്നതുവരെ സ്കോളർഷിപ്പിന്റെ പരിധിയിൽ വരുന്ന കുട്ടികൾക്ക് ഫീസ് അടയ്ക്കുന്നത് തടയണമെന്ന് കുട്ടികൾ നൽകിയ പരാതിയിന്മേൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ആയതിന്മേൽ അനുകൂല നടപടി എടുക്കാൻ സർക്കാർ ശ്രമിക്കുമോ? | (സി) | (ബി) & (സി) ബി.പി.എൽ. സ്കോളർഷിപ്പ് അനുവദിക്കുന്നതുവരെ ഫീസ് അടയ്ക്കുന്നതിൽ നിന്നും ഇളവ് അനുവദിക്കണമെന്ന വിദ്യാർത്ഥികളുടെ ആവശ്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ